കോഴിക്കോട് സർവ്വകലാശാലയിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് കാസർഗോഡ് ജില്ലയിൽ പരീക്ഷാ സെന്ററുകൾ

150 [5133] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് കാസർഗോഡ് ജില്ലയിൽ അനുവദിച്ച പരീക്ഷാ സെന്ററുകൾ സർവ്വകലാശാല നിർത്തലാക്കിയ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപരിപഠനം നടത്തുന്നതിന് കോഴിക്കോട് സർവ്വകലാശാലയിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്തവർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിർത്തലാക്കിയ പരീക്ഷാ സെന്ററുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടികളെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. യൂണിവേഴ്സിറ്റി അധികാര പരിധിക്ക് പുറത്തുള്ള ജില്ലകളിൽ അനുവദിച്ച സെന്ററുകളാണ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) നിർത്തലാക്കിയ പരീക്ഷാ സെന്ററുകൾ പുനഃസ്ഥാപിക്കുന്ന കാര്യം സർവ്വകലാശാലയുടെ പരിഗണനയിലാണ്.

കോഴിക്കോട് സർവ്വകലാശാല അസിസ്റ്റന്റ് ഗ്രേഡ്-2 നിയമനാനുമതി

151 [5134] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് സിൻഡിക്കേറ്റ് ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുണ്ടോ;

(സി) എങ്കിൽ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി എന്ന് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മെയിൻ ലിസ്റ്റിൽ ഉള്ള 415 പേരും സംവരണ വിഭാഗങ്ങളുടെ സപ്ലിമെന്ററി ലിസ്റ്റിൽ ഉള്ള 151 പേരും ഉൾപ്പെടെ ആകെ 566 പേരാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉള്ളത്.

(ബി) യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള വിവിധ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ഗവൺമെന്റിന്റെ അനുമതി നേടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly